നമ്പർ 213/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

മലങ്കര മെത്രാപ്പോലീത്തായും, കോട്ടയം എം. ഡി സെമിനാരി, പരുമല സെമിനാരി എന്നിവ ഉൾപ്പെടെ അനേക സ്ഥാപനങ്ങളുടെ സ്ഥാപകപിതാവുമായ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ (പുലിക്കോട്ടിൽ രണ്ടാമൻ) മെത്രാപ്പോലീത്തായുടെ 99-ാം ഓർമ്മപ്പെരുന്നാൾ 2008 ജൂലൈ 11, 12 (വെള്ളി, ശനി) തീയതികളിൽ ആ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന നമ്മുടെ പഴയ സെമിനാരി ചാപ്പലിൽ ഭക്തിപൂർവ്വം ആഘോഷിക്കുകയാണ്. 2008 - 2009 ആ പുണ്യപിതാവിന്റെ ചരമ ശതാബ്ദി വർഷമാകയാൽ ചരമശതാബ്ദി ആഘോഷങ്ങളുടെ ഉത്ഘാടനവും ഈ പെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടുന്നതാണ്.

പെരുന്നാൾ സംബന്ധിച്ച് 11-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം നടത്തുന്ന സന്ധ്യാ നമസ്കാരത്തിലും ഭക്തി നിർഭരമായ പ്രദക്ഷിണത്തിലും 12-ാം തീയതി ശനിയാഴ്ച രാവിലെ നമ്മുടെ പ്രധാന കാർമികത്വത്തിൽ ആരംഭിക്കുന്ന വി. മൂന്നിന്മേൽ കുർബ്ബാനയിലും തുടർന്നുള്ള പെരുന്നാൾ ശുശ്രൂഷകളും നിങ്ങൾ എല്ലാവരും നേർച്ചകാഴ്ചകളോടു കൂടി വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നു. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരും നേതൃത്വം നൽകുന്നതാണ്. ദൈവകൃപയുടെ പ്രകാശത്തിൽ സഭയെ നയിച്ച ആ പിതാവിന്റെ ഒർമ്മപ്പെരുന്നാൾ എത്രയും ആദരവോടുകൂടി നടത്തുവാൻ നാം ഏവരും കടപ്പെട്ടിരിക്കുന്നു എന്ന് നാം ഓർമ്മിപ്പിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ജൂൺ മാസം 19 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.